
ടി.കെ ആലുവ
തയാറാക്കിയത്: റഷാദ് ആലുവ

# എറണാകുളം ഇസ്‌ലാമിക് സെന്റർ

**അടിയന്തരാവസ്ഥയിൽ ജമാഅത്തെ ഇസ്‌ലാമി ഒരു കക്ഷിയായിരുന്നില്ല. രാഷ്ട്രീയകാര്യങ്ങളിൽ നേരിട്ട് ഇടപെടാത്ത ഒരാദർശ പ്രസ്ഥാനമായിരുന്നു. അതുകൊണ്ടു തന്നെ അടിയന്തരാവസ്ഥ പ്രഖ്യാപിക്കപ്പെട്ടപ്പോൾ അത് ജമാഅത്തിനെ ബാധിക്കുമെന്ന് തീരെ പ്രതീക്ഷിച്ചിരുന്നില്ല.**



**1973** മെയ് 3 ന് എന്റെ അധ്യക്ഷതയിൽ ചേർന്ന എറണാകുളം ജില്ലാ സമിതിയിൽ ജില്ലയിലെ ജമാഅത്ത് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ എറണാകുളത്ത് ഒരു കേന്ദ്രമുണ്ടാക്കാൻ തീരുമാനിച്ചു. ഇസ്‌ലാമിക് സെന്ററിന്റെ പ്രാധാന്യം പ്രവർത്തകരെ ബോധ്യപ്പെടുത്തുന്നതിനായി ജില്ലയിലെ മുഴുവൻ ഭാരവാഹികളുടെയും യോഗം വിളിച്ചു. യോഗത്തിൽ അന്നത്തെ അമീർ ടി.കെ അബ്ദുല്ലാ സാഹിബ് സന്നിഹിതനായിരുന്നു. അദ്ദേഹം അന്ന് നടത്തിയ പ്രസംഗത്തിന്റെ ഓരോ വരിയും പ്രവർത്തകർ നെഞ്ചേറ്റുവാങ്ങിയതിന്റെ ഫലമായിരുന്നു ഇസ്‌ലാമിക് സെന്റർ.

പത്തു ലക്ഷം രൂപയായിരുന്നു ഇസ്‌ലാമിക് സെന്ററിന്റെ നിർമാണച്ചെലവായി കണ്ടിരുന്നത്. അതിനെക്കുറിച്ച് പറഞ്ഞപ്പോൾ അമീർ പറഞ്ഞത്, കേരളത്തിലെ പത്ത് ലക്ഷം മുസ്‌ലിംകളിൽ നിന്ന് ഓരോ രൂപവെച്ച് പിരിച്ചാൽ ഈ സംഖ്യ നേടാം എന്നായിരുന്നു.

അമീർ പങ്കെടുത്ത ആ യോഗത്തെത്തുടർന്ന് ഇസ്‌ലാമിക് സെന്ററിന്റെ നിർമാണത്തിനും നടത്തിപ്പിനുമുള്ള പണം സ്വരൂപിക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റി രൂപവത്കരിച്ചു. പിരിവ് നടത്തുന്നതിനായി പത്തിന്റെയും അഞ്ചിന്റെയും രണ്ടിന്റെയും ഒന്നിന്റെയും റസിപ്റ്റുകൾ അച്ചടിപ്പിച്ചു. കമ്മിറ്റി അംഗങ്ങളെ മൂന്ന് ഗ്രൂപ്പുകളായി തിരിച്ച് രാവിലെ മുതൽ വൈകുന്നേരംവരെ പിരിവിനായി ജില്ലയുടെ വിവിധ ഭാഗങ്ങളിലേക്ക് പറഞ്ഞയച്ചു. ഓരോ ദിവസവും മൂന്ന് ഗ്രൂപ്പുകളും കൂടി പിരിച്ചുകൊണ്ടുവരുന്ന തുക കൂട്ടിയാൽ ആയിരം രൂപപോലും ഉണ്ടാകില്ല. മാസങ്ങളോളം ഇങ്ങനെ പിരിവ് നടത്തിയാണ് അത്രയും വലിയ സംഖ്യ സ്വരൂപിച്ചത്.

1975 ജനുവരി ആദ്യവാരത്തിൽ ഇസ്‌ലാമിക് സെന്റർ സ്ഥിതിചെയ്യുന്ന സ്ഥലം വാങ്ങുകയും ജനുവരി അവസാന വാരം ആ പ്രദേശത്ത് ഒരു ഷെഡ്ഡുകെട്ടി ഇസ്‌ലാമിക് സെന്ററിന്റെ പ്രാരംഭജോലികൾ ആരംഭിക്കുകയും ചെയ്തു. അടിയന്തരാവസ്ഥാ കാലത്ത് സെന്ററിന്റെ പണി താൽക്കാലികമായി നിർത്തിവെച്ചിരുന്നു.

## ഉമ്മയുടെ മരണം

1973 ഒക്ടോബർ 28-ന് എന്റെ പ്രിയ മാതാവ് ലോകത്തോട് വിടപറഞ്ഞു. ജീവിതത്തിൽ ഞാൻ ഏറ്റവും

കൂടുതൽ സ്നേഹിച്ചത് ഉമ്മയെയായിരുന്നു. അവർക്കുണ്ടാകുന്ന ഓരോ ബുദ്ധിമുട്ടും എനിക്ക് അസഹ്യവും ദുഃഖകരവുമായിരുന്നു.

എല്ലാ ദിവസവും രാത്രി ഉറങ്ങുന്നതിനുമുമ്പ് ഒരു പഴവുമായി ഉമ്മയുടെ അടുക്കൽ ഞാൻ എത്തും. ഇതെന്റെ ശീലമായിരുന്നു. ഒരിക്കൽ ആലുവയിൽ നടന്ന വിദ്യാർഥി-യുവജന ക്യാമ്പിൽ കുട്ടികളോടൊപ്പം രാത്രി അവിടെ തങ്ങേണ്ടിവന്നു. കിടന്നിട്ട് ഉറക്കംവന്നില്ല. ഉമ്മയെക്കുറിച്ചുള്ള ഓർമകളാണ് മനസ്സിൽ നിറയെ. ഉടൻ ചാടിയെഴുന്നേറ്റ്, ഉറക്കത്തിലായിരുന്ന അല്ലാബക്ഷ് സാഹിബിനെ വിളിച്ചുണർത്തി എനിക്കുടനെ വീട്ടിൽ പോയി ഉമ്മയെ കാണണമെന്നു പറഞ്ഞു. എന്റെ സംസാരം കേട്ടപ്പോൾ അദ്ദേഹം ചിരിച്ചുകൊണ്ടുചോദിച്ചു: 'നീ എന്താണ് ചെറിയ കുട്ടികളെപ്പോലെ രാത്രിയെഴുന്നേറ്റ് ഉമ്മയെക്കാണണമെന്ന് പറഞ്ഞ് കരയുന്നത്?' അവസാനം എന്റെ സമ്മർദ്ദത്തിനു വഴങ്ങി ഞങ്ങൾ ഇരുവരും സ്കൂട്ടറിൽ വീട്ടിലേക്കു തിരിച്ചു. ആലുവ ടൗണിലെത്തിയപ്പോൾ വണ്ടി നിർത്തി കടയിൽനിന്ന് രണ്ട് പഴം വാങ്ങി കൈയിൽ വെച്ചു. വീട്ടിൽ ചെന്ന് കൈയിലുണ്ടായിരുന്ന പഴം തൊലികളഞ്ഞ് ഉമ്മയുടെ വായിൽ വെച്ചുകൊടുത്തു. ഉമ്മ അത് കഴിച്ച് ഉറങ്ങിയതിനു ശേഷമാണ് ഞങ്ങൾ തിരിച്ചു പോന്നത്.

## കാഞ്ഞിരപ്പള്ളി മേഖലാ സമ്മേളനം

1974 ജനുവരി 26നായിരുന്നു കാഞ്ഞിരപ്പള്ളി മേഖലാ സമ്മേളനം നടന്നത്. ഇത്ര അച്ചടക്കമുള്ള ഒരു ഇസ്ലാമിക സമ്മേളനം പഴയ തിരുവിതാംകൂർ മേഖലയിൽ നടന്നിട്ടുണ്ടാവുകയില്ലെന്നു തന്നെ പറയാം. മേഖലാ സമ്മേളനത്തിൽ ജമാഅത്തെ ഇസ്ലാമി അനുഭാവികളായ കാഞ്ഞിരപ്പള്ളിക്കാരുടെ സേവനം പ്രശംസനീയമായിരുന്നു. സമ്മേളന പന്തലിനുവേണ്ടി രണ്ട് മാസത്തെ അവരുടെ കഠിനാധ്വാനം ഒരിക്കലും മറക്കാനാവുകയില്ല.

സമ്മേളനത്തിൽ ഭക്ഷ്യ വകുപ്പിന്റെ അധ്യക്ഷനായിരുന്നു ഞാൻ. സമ്മേളന നഗരിക്കടുത്തുള്ള ബഷീറിന്റെ വീട്ടുമുറ്റത്തായിരുന്നു ഭക്ഷണ ഹാൾ സജ്ജീകരിച്ചിരുന്നത്. സമ്മേളനത്തിന്റെ തലേ ദിവസം രാത്രി ഒരുമണിക്ക് ഒരുക്കങ്ങളെല്ലാം പൂർത്തിയായോ എന്ന് പരിശോധിക്കാനായി ചുറ്റി സഞ്ചരിച്ചപ്പോൾ പ്രസ്ഥാനത്തിന്റെ അനുഭാവികളായ ബഷീറും ഭാര്യയും ആ പാതിരാത്രിയിലും പന്തലും പരിസരവുമെല്ലാം അടിച്ചുവാരി വൃത്തിയാക്കുന്ന ജോലിയിലായിരുന്നു.

മേഖലാ സമ്മേളനം കഴിഞ്ഞ് അടുത്ത ദിവസംതന്നെ സുന്നികൾ ജമാഅത്തിനെതിരെ പ്രസംഗപരമ്പര സംഘടിപ്പിച്ചു. പ്രസംഗകരായി എത്തിയത് വാണിയമ്പലം മുസ്ലിയാരും വൈലിത്തറ മുസ്ലിയാരുമായിരുന്നു. അതിന് മറുപടി പറയാൻ ജമാഅത്ത് ഒരു വിശദീകരണ സമ്മേളനം സംഘടിപ്പിച്ചു. ആരായിരുന്നു പ്രസംഗകനെന്ന് ഓർമയില്ല.

## ആട്ടിയകറ്റിയ മണ്ണിലേക്ക് വീണ്ടും

1974 ഏപ്രിൽ 23 ന് കോട്ടയം തിരുനക്കര മൈതാനിയിൽ സംഘടിപ്പിച്ച പ്രസംഗ പരമ്പരയിൽ ഒരുമണിക്കൂറോളം പ്രസംഗിച്ചു. കനത്ത മഴയെത്തുടർന്ന് പ്രസംഗം പൂർത്തിയാക്കാതെ അവസാനിപ്പിക്കേണ്ടിവന്നു. മഴ തോർന്ന് ഞാൻ പോകാൻ ഒരുങ്ങിയപ്പോൾ പ്രസംഗം കേട്ട് മതിവരാത്ത നാട്ടുകാർ ചുറ്റും കൂടി. അവരുടെ നിർബന്ധത്തിനു വഴങ്ങി ഒരു ദിവസം കൂടി പ്രസംഗിക്കേണ്ടിവന്നു.

ജീവിതത്തിൽ ഒരിക്കലും മറക്കാനാകാത്ത പ്രദേശമാണ് കോട്ടയം തിരുനക്കര മൈതാനി. 1951ൽ ശൈഖ് മദനിയുടെ പ്രസംഗ പരമ്പര നടന്നുകൊണ്ടിരിക്കെ ജമാഅത്തെ ഇസ്ലാമിയുടെ സാഹിത്യം വിൽക്കാൻ ചെന്ന എന്റെ കൈയിൽ ഖുതുബാത്ത് കണ്ടമാത്രയിൽ ദജ്ജാൽ ഇറങ്ങിയിരിക്കുന്നുവെന്ന് സദസ്സ്യർക്കിടയിൽ സംസാരമുണ്ടായി. പ്രതികൂല ചുറ്റുപാടുകാരണം അവിടെ നിന്ന് ഒളിച്ചോടേണ്ടിവന്നു. അന്ന് എന്നെ ആട്ടിയകറ്റിയ അതേ മണ്ണിലേക്കാണ് ഇന്ന് ആ നാട്ടുകാർ തന്നെ ക്ഷണിക്കുന്നത്.

## ആദ്യത്തെ റിലീഫ് പ്രവർത്തനം

1979 ആഗസ്റ്റ് 9 ന് ഇടുക്കി ജില്ലയിലെ അടിമാലിയിൽ ഉരുൾപ്പൊട്ടൽമൂലം വൻ ദുരന്തമുണ്ടായി. ധാരാളം ആളുകൾക്ക് ജീവഹാനി സംഭവിച്ചു. ഒരുപാട് കുടുംബങ്ങൾക്ക് വീടുകൾ നഷ്ടപ്പെട്ടു. ആപ്രദേശത്തെ ഭൂപ്രകൃതിതന്നെ ആകെ മാറിപ്പോയി. ഈ ദുരന്ത വാർത്ത കേട്ടയുടനെ എറണാകുളം ജില്ലയിലെ പ്രവർത്തകരുമായി ആലോചിച്ച് റിലീഫ് പ്രവർത്തനം നടത്തുവാൻ തീരുമാനിച്ചു. അതിന്റെ ആദ്യഘട്ടമെന്നോണം ഒരു വണ്ടിയിൽ 200 പുതപ്പുകളുമായി രക്ഷാപ്രവർത്തനത്തിനായി ജില്ലയിലെ കുറച്ചു പ്രവർത്തകർ അടിമാലിയിലേക്ക് പുറപ്പെട്ടു. അതായിരുന്നു എറണാകുളം ജില്ലയുടെ കീഴിൽനടന്ന ആദ്യ റിലീഫ് സംരംഭം.

## ആലുവ ഇസ്ലാമിക് സ്കൂൾ

എന്റെയും ബാവ സാഹിബിന്റെയും ചിന്തയിൽ ഉത്ഭവിച്ച ആശയമായിരുന്നു ആലുവയിലെ ഇസ്ലാമിക് സ്കൂൾ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആ ആശയം 1975 ജനുവരി അവസാന വാരത്തോടെ നടപ്പിലായി. ആലുവ ഇസ്ലാമിക് നഴ്സറി സ്കൂളിന്റെ തുടക്കത്തിൽതന്നെ അതിന്റെ ദൈനംദിന നടത്തിപ്പിനായി രൂപവത്കരിച്ച ഒമ്പതംഗ കമ്മിറ്റിയിൽ ഞാൻ അംഗമായിരുന്നു.

## ഇടുക്കി ജില്ലയിലേക്ക് സ്ക്വാഡ്

1975 മാർച്ച് 22 ന് ചേർന്ന ആലുവ ഫർഖാ യോഗത്തിൽവെച്ച് പ്രസ്ഥാനത്തിന്റെ ശബ്ദമെത്താത്ത ഇടുക്കി ജില്ലയിലേക്ക് ഒരു സ്ക്വാഡ് നടത്താൻ തീരുമാനിച്ചു. തദാവശ്യാർഥം വാഹനം സജ്ജീകരിക്കാൻ ചാലക്കൽ അലിയെയും മറ്റു സജ്ജീകരണങ്ങൾക്ക് എന്നെയും ചുമതലപ്പെടുത്തി. പ്രസ്ഥാനത്തെ പരിചയപ്പെടുത്തുന്ന ലഘുലേഖയുടെ പതിനായിരം കോപ്പികളെടുത്തു. അന്ന് എറണാകുളം ജില്ലയുടെ ഉത്തരവാദിത്വം ഉണ്ടായിരുന്നതിനാൽ എനിക്ക് സ്ക്വാഡിൽ പങ്കെടുക്കാൻ സാധിച്ചില്ല.

ഒരാഴ്ച നീണ്ടുനിന്നു ആ സ്ക്വാഡ്. ഒരു ടെമ്പോ വാനിൽ കുറേ ഭക്ഷണസാധനങ്ങളും ഐ.പി.എച്ച് സാഹിത്യങ്ങളുമായി പത്തോളം പ്രവർത്തകർ ചാലക്കൽ ഇസ്ലാമിക് സെന്ററിൽനിന്ന് യാത്ര പുറപ്പെട്ടു. ഓരോ ടൗണിലെത്തുമ്പോഴും വണ്ടിനിർത്തി ഒന്നോ രണ്ടോ ആളുകൾ പ്രസംഗിക്കും. മറ്റുള്ളവർ അവിടെ കൂടിനിൽക്കുന്നവർക്കിടയിൽ ലഘുലേഖ വിതരണം ചെയ്യും. ശേഷം സമീപപ്രദേശങ്ങളിലെ വീടുകളിൽ സ്ക്വാഡുനടത്തും. അതായിരുന്നു യാത്രാസംഘം സ്വീകരിച്ച പ്രബോധന രീതി.

ചാലക്കലിൽ നിന്നു പുറപ്പെട്ട വണ്ടി കോതമംഗലം, അടിമാലി, വെള്ളത്തൂവൽ, തൊടുപുഴ, മൂലമറ്റം, നാടുകാണി, കുറത്തിപ്പാറ, വണ്ടിപ്പെരിയാർ, കുമളി തുടങ്ങിയ പ്രദേശങ്ങളിലൂടെ സഞ്ചരിച്ച് തേക്കടിയിൽ സമാപിച്ചു. കെ.എൻ. അബ്ദുല്ലാ മൗലവിയായിരുന്നു യാത്രാ അമീർ. ഒരാഴ്ച നീണ്ടുനിന്ന

ഹൈറേഞ്ച് സ്ക്വാഡ് ജില്ലക്ക് അകത്തും പുറത്തും പ്രസ്ഥാനത്തിന്റെ ശബ്ദമെത്തിക്കാൻ ഏറെ സഹായകമായി.

### അടിയന്തരാവസ്ഥ

1975 ജൂൺ 26-ന് ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. ആ ഇരുണ്ട ദിനരാത്രങ്ങളിലെ ദുഃഖ സ്മൃതികൾ ഇന്നും നാടിന്റെ മനസ്സാക്ഷിയെ നൊമ്പരപ്പെടുത്തുന്നു. ഇന്ത്യാചരിത്രത്തിലെ കറുത്ത ഒരേടായി എന്നെന്നും അത് നിലനിൽക്കും.


അടിയന്തരാവസ്ഥയിൽ ജമാഅത്തെ ഇസ്‌ലാമി ഒരു കക്ഷിയായിരുന്നില്ല. രാഷ്ട്രീയകാര്യങ്ങളിൽ നേരിട്ട് ഇടപെടാത്ത ഒരാദർശ പ്രസ്ഥാനമായിരുന്നു. അതുകൊണ്ടുതന്നെ അടിയന്തരാവസ്ഥ പ്രഖ്യാപിക്കപ്പെട്ടപ്പോൾ അത് ജമാഅത്തിനെ ബാധിക്കുമെന്ന് തീരെ പ്രതീക്ഷിച്ചിരുന്നില്ല.

പിന്നെ എന്തുകൊണ്ട് ഇസ്‌ലാമിക പ്രസ്ഥാനം അടിയന്തരാവസ്ഥക്ക് ഇരയായി? അതിന്റെ പിന്നിലെ അന്തർനാടകങ്ങൾ ഇന്നും ദുരൂഹമാണ്. അഖിലേന്ത്യാ ജമാഅത്ത് നേതാക്കളുമായി വ്യക്തിബന്ധമുള്ള ഒരു പ്രമുഖ മുസ്‌ലിം കോൺഗ്രസ് നേതാവ് പറഞ്ഞതായി കേട്ടത് ഇങ്ങനെയായിരുന്നു: ഇന്ദിരാഗാന്ധിക്കെതിരായ പ്രക്ഷോഭ പരിപാടികളിൽ ആർ.എസ്.എസ്, ജനസംഘം തുടങ്ങിയ സംഘ്പരിവാർ ശക്തികൾ മുൻപന്തിയിലായിരുന്നു. അവരുടെ മേൽ നടപടിയെടുക്കുമ്പോൾ തൂക്കമൊപ്പിക്കാൻ അറിയപ്പെടുന്ന ഒരു മുസ്‌ലിം സംഘടനയെ ബലിയാടാക്കേണ്ടതുണ്ടായിരുന്നു. അതിനായി കണ്ടുവെച്ചത് മുസ്‌ലിംലീഗിനെയായിരുന്നത്രെ.

ആ നിലക്കുള്ള ചർച്ച മുന്നോട്ടു പോകുന്നതിനിടെയാണ്, കേരളത്തിൽ ലീഗ് കോൺഗ്രസിന്റെ ഭരണപങ്കാളിയാണെന്നിരിക്കെ അവരുടെ മേൽ നടപടിയെടുക്കുന്നത് ഉചിതമല്ല എന്ന് ചിലർ ചൂണ്ടിക്കാട്ടിയത്. തുടർന്നാണത്രെ തൽസ്ഥാനത്ത് ജമാഅത്തെ ഇസ്‌ലാമിയെ പിടികൂടാൻ തീരുമാനിച്ചത്.

### ജമാഅത്ത് നിരോധിക്കപ്പെടുന്നു

1975 ജൂലൈ 4 ഒരു വെള്ളിയാഴ്ച ദിവസം ഞാൻ എറണാകുളം ഇസ്‌ലാമിക് സെന്ററിന്റെ പണിയിലേർപ്പെട്ട സമയത്താണ് ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തന സ്വാതന്ത്ര്യം നിരോധിച്ചതായി റേഡിയോവാർത്ത കേൾക്കുന്നത്. ഉടൻ വർക്കുകളെല്ലാം നിർത്തിവെച്ച് തായിക്കാട്ടുകരയിലേക്കു മടങ്ങി. വീട്ടിൽ ചെന്ന ഉടനെ ജയിലിലേക്ക് കൊണ്ടുപോ



ടി.കെ അബ്ദുല്ല

കാനുള്ള ബാഗ് ശരിയാക്കി വെച്ചശേഷം മറ്റു പ്രവർത്തകരുടെ അവസ്ഥകൾ അറിയാൻ പുറത്തേക്കിറങ്ങി.

ഞാൻ പുറത്തുപോയ സമയത്ത് രണ്ടുമൂന്ന് ആളുകൾ വീട്ടിൽ വന്ന് എന്നെ തിരക്കി. വീട്ടുകാർ കാര്യമെന്തെന്ന് അന്വേഷിച്ചപ്പോൾ ആലപ്പുഴയിൽനിന്ന് ഒരു പ്രസംഗപരമ്പരക്ക് ക്ഷണിക്കാൻ വന്നതാണെന്ന് പറഞ്ഞ് അവർ തിരിച്ചുപോയി. കുറച്ചു സമയത്തിനുശേഷം വീട്ടിനടുത്തുള്ള ദാറുസ്സലാം ജംഗ്ഷനിൽനിന്ന് നാട്ടുകാരായ ഒന്നുരണ്ടു പേർ വന്ന് നേരത്തെ വന്നവർ എന്തിനു വന്നതാണെന്ന് അന്വേഷിച്ചു. അവർ ആലപ്പുഴയിൽനിന്ന് പ്രസംഗപരമ്പരക്ക് ക്ഷണിക്കാൻ വന്നതാണെന്ന് വീട്ടുകാർ മറുപടി പറഞ്ഞു. നേരത്തെ അന്വേഷിച്ചുവന്നവർ പോലീസുകാരാണെന്നും അവർ ദാറുസ്സലാം കവലയിൽ ജീപ്പ് നിറുത്തിയിട്ട ശേഷമാണ് വീട്ടിലേക്കുവന്നതെന്നും അവർ പറഞ്ഞപ്പോഴാണ് വീട്ടുകാർക്ക് കാര്യം മനസ്സിലായത്.

അന്നു രാത്രി വീട്ടിൽ തിരിച്ചെത്തിയപ്പോഴാണ് പോലീസുകാർ വന്ന കാര്യം ഞാൻ അറിഞ്ഞത്. അടുത്ത ദിവസം (ജൂലൈ 5) വൈകീട്ട് നാലുമണിയോടെ ആലുവയിലെ പ്രസ്ഥാന ബന്ധുവും വ്യാപാരിയുമായിരുന്ന കെ.എസ് ഉമ്മറിന്റെ സഹായത്തോടെ ഞാൻ പോലീസ് സ്റ്റേഷനിൽ ഹാജരായി.

ജൂലൈ 6 ന് ആലുവ അഡീഷണൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതി ജമാഅത്ത് പ്രവർത്തകരായ ഞങ്ങളെ റിമാന്റ് ചെയ്തു. അങ്ങനെ ഞാനും എം.എം. ബാവയും സൈദ്സാഹിബും പെരുമ്പാവൂരുകാരായ അസീസും, അത്തറുകാരൻ മുസ്‌ലിയാരും പരീദും ആലുവാ സബ്ജയിലിൽ അടക്കപ്പെട്ടു. കൂടെ പതിനൊന്ന് ആർ.എസ്.എസ് കാരുമുണ്ടായിരുന്നു. ജമാഅത്തെ ഇസ്‌ലാമിയിൽ പ്രവർത്തിച്ചു എന്നതാണ് ഞങ്ങളുടെ മേൽ ചുമത്തിയ



കെ.എൻ അബ്ദുല്ല മൗലവി

കുറ്റം.

### ജയിലിൽനിന്ന് പുറത്തേക്ക്

ഒരൊറ്റ ദിവസത്തെ ജയിൽ വാസത്തിനുശേഷം പഴയ പരിചയക്കാരുടെ ഇടപെടലുകൾമൂലം ജാമ്യത്തിലിറങ്ങാൻ കഴിഞ്ഞു. ജയിലിൽനിന്ന് ഇനിയും പുറത്തുവന്നിട്ടില്ലാത്ത പ്രവർത്തകരെ ജാമ്യത്തിലിറക്കാനായി പിന്നീട് ഞങ്ങളുടെ ശ്രമം.

അടുത്തദിവസം തന്നെ ഞാനും വി.എം. അലിയും കൂടി ആഭ്യന്തരമന്ത്രിയായിരുന്ന കെ. കരുണാകരനെക്കണ്ട് സംസാരിക്കാൻ തീരുമാനിച്ചു. അതിനായി ഞങ്ങൾ ഇരുവരുംകൂടി തിരുവനന്തപുരത്തേക്ക് യാത്രതിരിച്ചു. അവിടെച്ചെന്ന് കെ. കരുണാകരനെ കണ്ട് സംസാരിച്ചെങ്കിലും മറുപടി ആശാവഹമായിരുന്നില്ല. അവസാനം നിയമത്തിന്റെ വഴിയിലൂടെതന്നെ മുന്നോട്ടുപോകാൻ തീരുമാനിച്ചു. ജൂലൈ 15 നാണ് അവർക്ക് ജാമ്യം ലഭിക്കുന്നത്. അതോടെ ജില്ലയിലെ മുഴുവൻ പ്രവർത്തകരും ജാമ്യത്തിലിറങ്ങിക്കഴിഞ്ഞിരുന്നു.

ജാമ്യത്തിലിറങ്ങിയ പ്രവർത്തകർ, നിറുത്തിവെച്ചിരുന്ന എറണാകുളം ഇസ്‌ലാമിക് സെന്ററിന്റെ പണി എത്രയും പെട്ടന്ന് പൂർത്തിയാക്കാൻ തീരുമാനമെടുത്തു. പ്രസ്ഥാനത്തിന്റെ ഔദ്യോഗിക ഓഫീസുകളെല്ലാം അടച്ചുപൂട്ടി സീൽവെച്ചിരിക്കുന്നതിനാൽ വിവിധ ട്രസ്റ്റുകളുടെ കീഴിലുള്ള പള്ളികളും ദീനീസ്ഥാപനങ്ങളും തുറന്ന് പ്രവർത്തിച്ചത് വലിയ ആശ്വാസമായിരുന്നു. പ്രസ്ഥാനത്തിന്റെ ആത്മാവും ഊർജ്ജവും കാത്തുസൂക്ഷിക്കുന്നതിലും വ്യക്തിബന്ധങ്ങൾ സജീവമാക്കി നിലനിർത്തുന്നതിലും അന്ന് പള്ളികൾ വഹിച്ച പങ്ക് വളരെ വലുതാണ്. ■

(തുടരും)

rashadaluva@gmail.com